(ബി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും ഏതു കാലയളവുവരെയുള്ള അപേക്ഷകർക്ക് ഈ പദ്ധതി അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ബാക്കിയുള്ള അപേക്ഷകർക്ക് സമയബന്ധിതമായി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 14400

(ബി) ഓരോ വൈദ്യുതി സെക്ഷനിലും നൽകിയ കണക്ഷന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതികണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ആവുന്നത്ര കുറയ്ക്കുന്നതിന് സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

ഗാർഹിക വൈദ്യുത കണക്ഷൻ

13 [169] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ എത്ര ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും എത്ര പുതിയ ഗാർഹിക കണക്ഷനുകൾ ഇക്കാലയളവിൽ നൽകിയിട്ടുണ്ട്;

(സി) കണ്ണൂർ ജില്ലയിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസ് പരിധിയിലും ഏതു കാലയളവു വരെ അപേക്ഷ നൽകിയവർക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്ന ബാക്കിയുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	തിരുവനന്തപുരം	73557
	കൊല്ലം	58666
	പത്തനംതിട്ട	23030
	കോട്ടയം	45996
	ആലപ്പുഴ	35454
	എറണാകുളം	87192
	ഇടുക്കി	27480
	തൃശ്ശൂർ	57664
	പാലക്കാട്	63850
	മഞ്ചേരി (മലപ്പുറം ജില്ല)	89285
	കോഴിക്കോട്	68788
	വയനാട്	17888
	കണ്ണൂർ	67552
	കാസറഗോഡ്	29761
	ആകെ	746163

(ബി) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഡി) വൈദ്യുതി കണക്ഷൻ നൽകുന്നതിലുള്ള കാലതാമസം കുറയ്ക്കുന്നതിന് സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടിയെടുത്തിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി കണക്ഷൻ

14 [170] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് അവസാനമായി എന്നാണ് തീരുമാനമെടുത്തത്;

(ബി) ഇത് പ്രകാരം ഏത് തീയതിവരെ അപേക്ഷ നൽകിയവർക്കാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.